"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തസ്വഭവ-പാലക്കാട് നെന്മാറ പഞ്ചായത്തിലെ "കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം" എന്ന പ്രവൃത്തിക്ക് ഭരണാനുമതി തുക അധികരിക്കാതെ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം പുതുക്കിയ ഭരണാനുമതി നല്കി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഇഡബ്ല്യൂ-ബി) വകുപ്പ്**

G.O.(Rt)No.171/2022/LSGD തീയതി,തിരുവനന്തപുരം, 22/01/2022

---

പരാമർശം:-
1. 07.08.2017 ലെ സ.ഉ(സാധാ)നം. 2735/17/തസ്വഭവ നം ഉത്തരവ്
2. തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയറുടെ 08.09.2021 ലെ ഡിബി5/8282/21/സിഇ/തസ്വഭവ നമ്പർ കത്ത്
3. 17/12/2021 തീയതിയിലെ സ.ഉ.(സാധാ) നം.8207/2021/ധന നം ഉത്തരവ്

<u>ഉത്തരവ്</u>

പാലക്കാട് നെന്മാറ മണ്ഡലത്തിലെ നെന്മാറ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം എന്ന പ്രവൃത്തിക്ക് നിയോജക മണ്ഡലം ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി പരാമർശം(1) പ്രകാരം 1 കോടി രൂപയുടെ ഭരണാനുമതി നല്കിയിരുന്നു.

എന്നാൽ പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കെ ശ്രീ കെ ബാബു എം എൽ എ ടി കമ്മ്യൂണിറ്റി ഹാളിന്റെ മൂന്നാമത്തെ നിലയിൽ മിനി തീയറ്റർ കൂടി ഉൾപ്പെടുത്തി ആവശ്യമായ മാറ്റങ്ങൾ എസ്റ്റിമേറ്റിലും ,പ്ലാനിലും വരുത്തുവാൻ നിർദ്ദേശിക്കുകയുണ്ടായി.തുടർന്ന് പ്രവൃത്തിയുടെ മണ്ണ് പരിശോധന, കെട്ടിടത്തിന്റെ structural design മുതലായവ നടത്തിയപ്പോൾ ഡിസൈന് അനുസൃതമായി നിലവിലുള്ള എസ്റ്റിമേറ്റ് ഇനങ്ങളിൽ ഒഴിച്ചുകൂടാൻ കഴിയാത്ത ചില ഏറ്റക്കുറച്ചിലുകൾ വരുത്തേണ്ടതായി വരികയും ആയതിൻ പ്രകാരം അടങ്കൽ തുക അധികരിക്കാതെ തയ്യാറാക്കിയ റിവൈസ്ഡ് എസ്റ്റിമേറ്റിനു 07/09/2020 ൽ പുതുക്കിയ സാങ്കേതികാനുമതി ലഭ്യമായി. നിലവിൽ രണ്ടാം ഘട്ടമായി 900000/- രൂപയും മൂന്നാം ഘട്ടമായി 9000000/- രൂപയും MLA-ADS ൽ നിന്ന് അനുവദിക്കുകയും കെട്ടിടത്തിന്റെ ഒന്നാം നില പൂർത്തീകരിച്ചും വരികയാണ്. ഭരണാനുമതി തുക അധികരിക്കാതെ പുതുക്കിയ ഭരണാനുമതി നൽകുന്നതിന് പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ്, comparative statement എന്നിവ സഹിതം പരാമർശം(2) പ്രകാരം ചീഫ് എഞ്ചിനീയർ ശിപാർശ ലഭ്യമാക്കിയിരുന്നു.

പ്രസ്തുത ഭരണാനുമതി തുക അധികരിക്കാതെ എസ്റ്റിമേറ്റിൽ മാറ്റം വരുത്തി നെന്മാറ പഞ്ചായത്ത് "കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം" എന്ന പ്രവൃത്തിക്ക് ഭരണാനുമതി പുതുക്കി നൽകുന്നതിന് പരാമർശം(3) പ്രകാരം പ്രത്യേകാനുമതി നൽകിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് ജില്ലയിലെ നെന്മാറ പഞ്ചായത്ത് "കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം" എന്ന പ്രവൃത്തിക്ക് ഭരണാനുമതി തുക അധികരിക്കാതെ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം പുതുക്കിയ ഭരണാനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Preetha K S
Joint Secretary

പകർപ്പ്

ചീഫ് എഞ്ചിനീയർ,തദ്ദേശസ്വയംഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം
സെക്രട്ടറി ,നെന്മാറ ഗ്രാമ പഞ്ചായത്ത്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ,(ആഡിറ്റ്/എ&ഇ) തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, വിവരവും പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് സെക്ഷൻ

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ